# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 5768/11/12/2022/ TVM**

| | |
|---|---|
| പരാതികക്ഷി | ബീനാ ജേക്കബ്, ഗ്രീൻ വാലി -28<br>നാലാഞ്ചിറ,തിരുവനന്തപുരം |
| എതിർകക്ഷികൾ | രാജീവ്,സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്<br>പോത്തൻകോട് |

**ഉത്തരവ് തീയതി 13.08.2024**

പരാതികക്ഷിക്കെതിരെ ശ്രീമതി മേഴ്സി സെബാസ്റ്റ്യൻ എന്ന വ്യക്തി പോത്തൻകോട് പോലീസ് സ്റ്റേഷനിൽ വസ്തു സംബന്ധമായ ഒരു തർക്കം ഉന്നയിച്ചുകൊണ്ട് പരാതി നൽകുകയും, ആയതിനെ തുടർന്ന് പോത്തൻകോട് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറായ എതിർകക്ഷി തന്നെ സ്റ്റേഷനിൽ വിളിപ്പിക്കുകയും, തുടർന്ന് ഭിന്ന ശേഷിയുള്ള കുട്ടിയുമായി 31.08.2022 തീയതി രാവിലെ 10 മണിക്ക് സ്റ്റേഷനിൽ എത്തിയ തനിക്ക് ഉച്ചയ്ക്ക് 1 മണിവരെ സ്റ്റേഷനിൽ കാത്തിരിക്കേണ്ടിവന്നതായും, അപ്പോൾ അവിടെയുണ്ടായിരുന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ ''നിങ്ങളുടെ സ്വഭാവ ദൂഷ്യംകൊണ്ടാണ് നിങ്ങൾക്ക് ഇങ്ങനെയൊരു കുഞ്ഞുണ്ടായത്'' എന്ന് പറഞ്ഞ് ആക്ഷേപിച്ചതായും ആയത് തനിക്ക് വളരെയേറെ മാനസിക പ്രയാസം ഉണ്ടാക്കിയതായും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ നെടുമങ്ങാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനോട് അന്വേഷിച്ച് റിപ്പോർട്ട് ഹാജരാക്കാൻ കമ്മീഷൻ ആവശ്യപ്പെടുകയും ആയത് ലഭിക്കുകയും ചെയ്തു. പരാതികക്ഷിക്കെതിരെ മേഴ്സി സെബാസ്റ്റ്യൻ എന്നായാളുടെ ഭിന്നശേഷിക്കാരനായ മകൻ സാവിയോ ജോസിൻെറ പേരിൽ ലഭിച്ച പരാതിയിന്മേലാണ് ടിയാളെ പോത്തൻകോട് പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിപ്പിച്ചതെന്നും, പരാതികക്ഷിയായ ബീനാ ജേക്കബ് തൻെറ സുഖമില്ലാത്ത കുഞ്ഞുമായി കാറിൽ പോത്തൻകോട് പോലീസ് സ്റ്റേഷനിൽ എത്തുകയും, കാറിൽ നിന്നും കുട്ടിയെയും കൊണ്ട് ഇറങ്ങിയ സമയം ബിനാ ജേക്കബ് ഉച്ചത്തിൽ സംസാരിച്ച് നിൽക്കുന്നതിനെ കണ്ട് പോത്തൻകോട് ഇൻസ്പെക്ടർ സ്റ്റേഷൻ ഹൗസ്

ഓഫീസറും എസ്.ഐ ശ്രീ രാജീവും ടിയാളോട് സുഖമില്ലാത്ത കുട്ടിയെയുംകൊണ്ട് വീട്ടിലേയ്ക്ക് പോകാനും പരാതി വീട്ടിൽ വന്ന് പരിഹരിക്കാമെന്ന് പറഞ്ഞെങ്കിലും ആയത് കൂട്ടാക്കാതെ ടിയാൾ ബഹളം തുടർന്നുകൊണ്ടിരുന്നതായും കുറച്ച് കഴിഞ്ഞതിനുശേഷം സ്വയം കാറിൽ കയറി തിരിച്ചു പോയിട്ടുള്ളതായും റിപ്പോർട്ടിൽ കാണുന്നു.

പരാതി വിചാരണക്കെടുത്ത 13/08/2024 തീയതി പരാതികക്ഷി ഹാജരായി പോലീസ് ഉദ്യോഗസ്ഥർ തന്നോട് മോശമായി പെരുമാറിയ സംഭവത്തിൽ നടപടി ഉണ്ടാകണമെന്ന് ടിയാൾ കമ്മീഷൻ മുമ്പാകെ ആവർത്തിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ പരാതിക്കാരി ഉന്നയിച്ച ആരോപണങ്ങൾ മറ്റൊരു പോലീസ് ഉദ്യോഗസ്ഥൻ കൂടി അന്വേഷണം നടത്തേണ്ടത് ആവശ്യമാണ് കമ്മീഷൻ മനസ്സിലാക്കുന്നു. പരാതികക്ഷിക്കും ഭിന്നശേഷിയുള്ള കുഞ്ഞിനും പോത്തൻകോട് പോലീസ് സ്റ്റേഷനിൽ നിന്നും നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകളും മോശം പെരുമാറ്റവും സംബന്ധിച്ച ആരോപണങ്ങൾ അന്വേഷിക്കുന്നതിനായി മറ്റൊരു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമലപ്പെടുത്തേണ്ടതാണെന്ന് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ കക്ഷികളെയും ആരോപണവിധേയരായ പോലീസ് ഉദ്യോഗസ്ഥരെയും നേരിൽ കേട്ടും ഒരു റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ കമ്മീഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ സംഭവ ദിവസം ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന സ്റ്റേഷൻ ഹൗസ് ഓഫീസർ ഇതു സംബന്ധിച്ച് ഒരു സ്റ്റേറ്റ്മെൻറ് കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്

ഈ ഉത്തരവിൻെറ പകർപ്പ് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി, എതിർകക്ഷി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ